A

805

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016 – 2017
# സാമൂഹ്യശാസ്ത്രം

**സ്റ്റാൻഡേർഡ് : VIII**

**സമയം : 1½ മണിക്കൂർ**
**ആകെ സ്കോർ : 40**

**പൊതുനിർദേശങ്ങൾ**

1. പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരം എഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. പ്രാചീന തമിഴകത്തിന്റെ ചരിത്രം വെളിവാക്കുന്നതിൽ സംഘം കൃതികൾക്കുള്ള പ്രാധാന്യം വിശദമാക്കുക. (3)

2. നിർദ്ദേശങ്ങൾക്കനുസരിച്ച് ഉചിതമായി പുനഃക്രമീകരിക്കുക. (2)
   - i. ഓക്സിജൻ – കാർബൺ ഡയോക്സൈഡ് – നൈട്രജൻ – ആർഗൺ
     (നിർദ്ദേശം : അന്തരീക്ഷത്തിലെ ഈ വാതകങ്ങളുടെ അളവിന്റെ ക്രമത്തിൽ)
   - ii. ട്രോപ്പോസ്ഫിയർ – മിസോസ്ഫിയർ – അയണോസ്ഫിയർ – സ്ട്രാറ്റോസ്ഫിയർ
     (നിർദ്ദേശം : ഭൗമോപരിതലത്തിൽ നിന്നുള്ള ഉയരക്രമത്തിൽ)

3. ഇരുമ്പിന്റെ ഉപയോഗം ഗംഗാസമതലത്തിൽ നഗരങ്ങളുടെ രൂപീകരണത്തിന് വഴിയൊരുക്കിയതെങ്ങനെ? (3)

4. ചുവടെ നല്കിയിട്ടുള്ള വിവരങ്ങൾ ഓരോന്നും ഏത് അന്തരീക്ഷപാളിയുടെ സവിശേഷതയാണെന്ന് തിരിച്ചറിഞ്ഞ് പ്രസ്തുത പാളികളുടെ മറ്റ് സവിശേഷതകൾ എഴുതുക.
   - i. ക്രമമായ താപനഷ്ട നിരക്ക്
   - ii. 50 മുതൽ 80 കിലോമീറ്റർ ഉയരം വരെ വ്യാപിച്ചിരിക്കുന്നു.

   **അല്ലെങ്കിൽ** (4)

   കാർബൺ ഡയോക്സൈഡ്, മീഥെയ്ൻ, ഓസോൺ തുടങ്ങിയ വാതകങ്ങൾ ഹരിതഗൃഹവാതകങ്ങളാണ്.
   - i. എന്തുകൊണ്ടാണ് ഈ വാതകങ്ങളെ ഹരിതഗൃഹവാതകങ്ങൾ എന്നു വിളിക്കുന്നത്?
   - ii. ഈ വാതകങ്ങളുടെ സ്രോതസുകൾ ഏതെല്ലാം?
   - iii. ആഗോളതാപനത്തിന്റെ കാരണവും പ്രത്യാഘാതങ്ങളും വിശദമാക്കുക.

5. മൗര്യരാജ്യത്തിന് ഇന്ത്യയിലെ ആദ്യത്തെ സാമ്രാജ്യമെന്ന പദവി നേടിക്കൊടുത്ത ഘടകങ്ങൾ എന്തെല്ലാം? (2)

6. നല്കിയിട്ടുള്ള ചിത്രത്തിൽ A എന്ന് രേഖപ്പെടുത്തിയ സ്ഥലത്തുനിന്നും B, C, D, E, F, G എന്നീ സ്ഥലങ്ങൾ ഏതേത് ദിശകളിലാണെന്ന് കണ്ടെത്തിയെഴുതുക. (3)




7. ചുവടെ തന്നിട്ടുള്ളതിൽ 'എ' കോളത്തിനനുയോജ്യമായവ 'ബി' യിൽ നിന്ന് കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക. (4)

| എ | ബി |
|---|---|
| കുറിഞ്ചി | കൃഷി |
| മുല്ലൈ | മീൻപിടിക്കൽ |
| മരുതം | കാലിവളർത്തൽ |
| നെയ്തൽ | വേട്ടയാടൽ |

8. അന്തരീക്ഷത്തിലെ നേർത്ത പൊടിപടലങ്ങളെ ഘനീകരണ മർമ്മങ്ങൾ എന്നു വിളിക്കാൻ കാരണമെന്ത്? അന്തരീക്ഷത്തിലെ പൊടിപടലങ്ങളുടെ സ്രോതസുകളേതെല്ലാം? (2)

9. അശോകൻ ധമ്മ എന്ന ആശയം നടപ്പിലാക്കിയതിന്റെ ലക്ഷ്യവും അതിന്റെ പ്രചരണത്തിനായി സ്വീകരിച്ച നടപടികളും വിശദമാക്കുക.

**അല്ലെങ്കിൽ** (5)

വ്യാപാരത്തിന്റെ വളർച്ച ശതവാഹന കാലഘട്ടത്തിൽ സൃഷ്ടിച്ച മാറ്റങ്ങൾ വിശകലനം ചെയ്യുക.

10. ഭൂപടങ്ങളിൽ തോത് ഭിന്നകരീതിയിൽ രേഖപ്പെടുത്തുന്നതിന്റെ മേന്മയെന്ത്? (1)

 a. ഭൂപടങ്ങൾ വലുതാക്കുമ്പോൾ തോത് മാറ്റേണ്ടതില്ല

 b. സാധാരണക്കാർക്കും തോത് എളുപ്പത്തിൽ മനസിലാക്കാനാകുന്നു.

 c. ഓരോ രാജ്യത്തും നിലവിലുള്ള യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ വായിച്ചെടുക്കാം.

 d. മെട്രിക് യൂണിറ്റിൽ മാത്രമേ വായിക്കാനാകൂ.

11. ബി.സി.ഇ ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സാമൂഹിക രംഗത്തുണ്ടായ മാറ്റങ്ങൾക്ക് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം? (3)

12. ധരാതലീയ ഭൂപടങ്ങൾ പൊതുവെ വലിയ തോത് ഭൂപടങ്ങളുടെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. എന്തുകൊണ്ട്? ചെറിയ തോത് ഭൂപടങ്ങൾക്ക് രണ്ട് ഉദാഹരണങ്ങളെഴുതുക. (3)

13. ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്? അദ്ദേഹം മുന്നോട്ടുവച്ച ആശയം ഏതു പേരിലാണ് അറിയപ്പെടുന്നത്? (2)

14. ദാദാഭായ് നവറോജിയുടെ അഭിപ്രായത്തിൽ ബ്രിട്ടീഷുകാർ ഇന്ത്യയുടെ സമ്പത്ത് ചോർത്തിയെടുത്തത് എപ്രകാരമാണ്? (3)